# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2123** — **11/06/2018-ൽ മറുപടിക്ക്**

## പനി പടർന്നു പിടിയ്ക്കുന്നത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| **എ)** സംസ്ഥാനത്തു പനി പടർന്നു പിടിയ്ക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ കർശനമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇനിയും സ്വീകരിയ്ക്കുവാനുദ്ദേശിക്കുന്നത്; | **എ)** പ്രതിരോധ പ്രവർത്തനങ്ങൾ കർശനമാക്കുന്നതിനായി നിലവിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും, കൊതുക് ജന്യ രോഗങ്ങൾ തടയുവാനായി ഫോഗിംഗ്, ഐ.ആർ.എസ്, ഐ.എസ്.എസ് പ്രവർത്തനങ്ങളും അതുപോലെ തന്നെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം ജലജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ശുദ്ധജലലഭ്യത ഉറപ്പുവരുത്തുകയും ആവശ്യാനുസരണമുള്ള ക്ലോറിനേഷനും, സൂപ്പർ ക്ലോറിനേഷനും നടത്തി വരികയാണ്. അതുപോലെ ജനങ്ങൾക്കുള്ള ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ച് വരുന്നു. എല്ലാ ആശുപത്രികളിലും പനിയെ പ്രതിരോധിക്കാനുള്ള ആവശ്യമായ മരുന്നുകളും, ഇതിനാവശ്യമായ ലാബ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. |
| **ബി)** ഈ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | **ബി)** പ്രതിരോധ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ അതാത് സമയത്ത് നൽകിവരുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**